"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ -LID&EW- റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കിഷോർ കുമാർ. കെ. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത OP(KAT) 417/2018 നമ്പർ കേസിന്റെ 19.11.2025-ലെ അന്തിമ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.3064/2025/LSGD തീയതി,തിരുവനന്തപുരം, 24-12-2025

പരാമർശം:-

1. OA (EKM) 540/2018 നമ്പർ കേസിലെ 05.09.2018-ലെ വിധിന്യായം
2. OP(KAT) 417/2018 നമ്പർ കേസിലെ 19.11.2025-ലെ അന്തിമ വിധിന്യായം

**<u>ഉത്തരവ്</u>**

28.02.2013-ാം തീയതിയിൽ വിരമിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കിഷോർ കുമാർ .കെ തനിക്ക് പെൻഷൻ ആനുകൂല്യങ്ങൾ (പൂർണ്ണ പെൻഷൻ, DCRG, കമ്മ്യൂട്ടഡ് പെൻഷൻ മുതലായവ) അനുവദിക്കാത്തതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചിരുന്നു. വിരമിക്കൽ സമയത്ത് അദ്ദേഹത്തിനെതിരെ വിജിലൻസ് കേസ് (VC 3/2010/PKD) നിലനിന്നിരുന്നതിനാൽ, കെ.എസ്.ആർ Part III Rule 3A പ്രകാരം താൽക്കാലിക പെൻഷൻ മാത്രമാണ് നൽകാനാകുക എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരുന്നത്. ബന്ധപ്പെട്ട സംഭവങ്ങൾ നാലുവർഷത്തിലധികം പഴക്കമുള്ളതും സർക്കാർ അനുമതി ഇല്ലാതെ ജുഡീഷ്യൽ നടപടി ആരംഭിച്ചതുമൂലം Rule 3A ബാധകമല്ലെന്നും പരാതിക്കാരൻ വാദിച്ചുവെങ്കിലും വിജിലൻസ് കേസ്, സേവനത്തിലിരിക്കെ രജിസ്റ്റർ ചെയ്തതും പിന്നീട് ഫൈനൽ റിപ്പോർട്ട് സമർപ്പിച്ച് കലണ്ടർ കേസ് (CC 33/2015) ആയി വിചാരണയിൽ തുടരുന്നതുമായതിനാൽ, ജുഡീഷ്യൽ നടപടി നിലനിൽക്കുന്നതായി ട്രിബ്യൂണൽ കണ്ടെത്തുകയും തുടർന്ന് Rule 3A(a) Part III KSR പ്രകാരം, ജുഡീഷ്യൽ/ഡിപ്പാർട്ട്മെന്റൽ നടപടികൾ തീരുന്നതുവരെ താൽക്കാലിക പെൻഷൻ മാത്രമേ

നൽകാവൂ എന്നും പൂർണ്ണമായും പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ കഴിയില്ലെന്നുമുള്ള സർക്കാർ നിലപാട് ശരിവച്ചുകൊണ്ട് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ഉത്തരവിനെ ചോദ്യം ചെയ്ത്കൊണ്ട് ശ്രീ. കിഷോർ കുമാർ. കെ വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ OP(KAT) 417/2018 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. KSR Part III-ലെ Rule 3-യും Rule 3A-യും വിശദമായി പരിശോധിച്ച്, കോടതി cognizance എടുക്കുന്ന സമയത്ത് മാത്രമാണ് ജുഡീഷ്യൽ നടപടികൾ സ്ഥാപിതമായതായി കണക്കാക്കാനാകൂ എന്ന് വ്യക്തമാക്കിക്കൊണ്ട്, വിരമിച്ച ശേഷവും, Rule 3(c) പ്രകാരമുള്ള നിർബന്ധമായ സർക്കാർ അനുമതി ഇല്ലാതെയും ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചതിനാൽ, നിയമപരമായി ജുഡീഷ്യൽ നടപടികൾ സ്ഥാപിതമായിട്ടില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ OP(KAT) 417/2018 നമ്പർ കേസിൽ പരാമർശം (2) പ്രകാരം ബഹു. ഹൈക്കോടതി ചുവടെ ചേർത്തിരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

"In the result, the original petition is allowed by setting aside the impugned order dated 05.09.2018 passed by the Tribunal in O.A. (EKM)No.540 of 2018 and the original application is allowed, directing the respondents to disburse the petitioner the entire pensionary benefits including DCRG, commuted value of pension and monthly pension along with arrears, with in a period of two months from the date of receipt of a copy of this judgment."

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 28.02.2013 ൽ എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.കിഷോർ കുമാർ.കെ-യ്ക്ക് എതിരെ ഉള്ള 03/2010/PKD നമ്പർ വിജിലൻസ് കേസ് കലണ്ടർ കേസ് (CC 33/2015) ആയത് 2015-ൽ ആയതിനാൽ സ.ഉ(പി)നം. 46/2023/ധന നമ്പർ പ്രകാരമുള്ള ബോണ്ട് സ്വീകരിച്ച്കൊണ്ട് , അനുബന്ധം 2(C)-ൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ള ₹200/- യുടെ സമ്മതപത്രം വാങ്ങിയതിന് ശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയായ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (2) ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLEY

അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് മുഖേന).

2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

4. അക്കൗണ്ടന്റ് ജനറൽ(എ&ഇ /ഓഡിറ്റ് ), തിരുവനന്തപുരം

5. ശ്രീ. കിഷോർ കുമാർ. കെ , എക്സി.എഞ്ചിനീയർ(റിട്ട.) (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

6. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

7. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.

8. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by

Keerthi P

സെക്ഷൻ ഓഫീസർ

Date: 24-12-2025 18:18:17